## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 670 — 28.09.2011-ൽ മറുപടിക്ക്

### സ്കൂൾ ആരോഗ്യ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ഡി.സതീശൻ :<br>ശ്രീ.ബെന്നി ബെഹനാൻ :<br>ശ്രീ.കെ.ശിവദാസൻ നായർ :<br>ശ്രീ.അൻവർ സാദത്ത് : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന സ്കൂൾ ആരോഗ്യ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (എ) സംസ്ഥാനത്ത് പ്രാരംഭഘട്ടമായി എല്ലാ പഞ്ചായത്തുകളിലും, മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഓരോ സ്കൂളിൽ വീതം 2009 ഒക്ടോബർ മുതൽ നടപ്പിലാക്കിയ ഈ പദ്ധതി നടപ്പ് അദ്ധ്യയനവർഷം (2011-2012) 3462 സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു.<br>ഉദ്ദേശ ലക്ഷ്യങ്ങൾ<br>ആരോഗ്യ സംബന്ധിയായ തെരഞ്ഞെടുപ്പുകൾക്ക് പ്രാപ്തരാകും വിധം ചുറ്റുപാടുകളുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ രാജ്യത്തെ സജ്ജമാക്കുക എന്നതാണ് വിദ്യാലയ ആരോഗ്യപരിപാടിയുടെ മുഖ്യലക്ഷ്യം.<br>ആരോഗ്യമേഖലയിലെ അനാവശ്യ ചെലവുകൾ കുറച്ച്, കുഞ്ഞുങ്ങളുടെ ആരോഗ്യക്ഷേമകാര്യങ്ങളിൽ ശ്രദ്ധിക്കുകയും ഭാവിയിൽ അവരുടെ രോഗാതുരതയെ ഗണ്യമായ രീതിയിൽ കുറയ്ക്കുകയും ചെയ്യുക, ഇന്നത്തെ കുഞ്ഞുങ്ങളാണ് ഭാവിയിലെ വാഗ്ദാനങ്ങളെന്നും, സംഘമായി നിൽക്കുമ്പോൾ ക്രിയാത്മകമായ ആശയങ്ങളും മാറ്റങ്ങളും ഉൾക്കൊള്ളാൻ അവർ തയ്യാറാകും എന്ന യാഥാർത്ഥ്യം മനസ്സിലാക്കി പ്രവർത്തിക്കുക, ചെലവുകുറഞ്ഞ രീതിയിൽ ഉപഭോക്താവിന് സ്വീകാര്യമായ വിധത്തിൽ ചികിത്സാ രീതികളും, ആരോഗ്യ വിദ്യാഭ്യാസവും, കുത്തിവെയ്പ്പ് പരിപാടികളും, പ്രായോഗികമായ പ്രതിരോധതന്ത്രങ്ങളും സംഘടിപ്പിക്കുക തുടങ്ങിയവയാണ് വിദ്യാലയ ആരോഗ്യ പരിപാടിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ. |
| (ബി) ഈ പദ്ധതി ഏതെല്ലാം വകുപ്പ്/ഏജൻസിയുടെ സഹായത്തോടെയാണ് ആരോഗ്യ വകുപ്പ് നടപ്പാക്കുന്നത് ; | (ബി) ആരോഗ്യവകുപ്പും, വിദ്യാഭ്യാസ വകുപ്പും, സോഷ്യൽ വെൽഫെയർ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും നാഷണൽ റൂറൽ ഹെൽത്ത് മിഷനും സംയുക്തമായാണ് ലളിതവും പ്രായോഗികവുമായ ഈ പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കുന്നത്. |

| | |
|---|---|
| (സി) ഇതിന് കേന്ദ്രസഹായം ലഭ്യമാണോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (സി) നാഷണൽ റൂറൽ ഹെൽത്ത് മിഷനിലൂടെ കേന്ദ്ര സഹായം ലഭ്യമാണ്. ഇത് കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ ശമ്പളത്തിനും, ഈ പദ്ധതിക്കായി തെരഞ്ഞെടുത്ത സ്കൂളുകൾക്ക് ചികിത്സയ്ക്ക് ആവശ്യമായ ഉപകരണകിറ്റുകൾ നൽകുന്നതിനും, ജെ.പി.എച്ച്.എൻമാർക്കുള്ള കൈപ്പുസ്തകം, ഡയറി, സ്കൂൾ ഹെൽത്ത് രജിസ്റ്ററുകൾ, ആരോഗ്യ വിദ്യാഭ്യാസത്തിനാവശ്യമായ മൊഡ്യൂളുകൾ തുടങ്ങിയവ തയ്യാറാക്കുന്നതിനും കുട്ടികളുടെ സമഗ്രമായ ആരോഗ്യ വിവരങ്ങളും ടി.സി യും രേഖപ്പെടുത്തുന്നതിനുള്ള സ്കൂൾ ടി.സി & ഹെൽത്ത് റെക്കോഡ് ലഭ്യമാക്കുന്നതിനും, പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിലെ ഡോക്ടർമാരുടെ മാസംതോറുമുള്ള സന്ദർശനത്തിനും, വർഷംതോറും നടത്തുന്ന മെഡിക്കൽ ക്യാമ്പിനും വിനിയോഗിക്കുന്നു. ഈ പദ്ധതിയ്ക്കായി 2011-2012 സാമ്പത്തിക വർഷം 5.50 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |
| (ഡി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത് ; | (ഡി) പ്രാരംഭഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും, മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഓരോ സ്കൂളിൽ വീതം നടപ്പിലാക്കിയ ഈ പദ്ധതി നടപ്പ് അധ്യയനവർഷം (2011-2012) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും, മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും രണ്ട് സ്കൂളുകളിൽ വീതവും പാലക്കാട്, വയനാട് ജില്ലകളിൽ മുഴുവൻ സ്കൂളുകളിലും (ഗവൺമെന്റ് & എയ്ഡഡ്) നടപ്പിലാക്കിവരുന്നു. |
| (ഇ) സംസ്ഥാനമൊട്ടാകെ ഇത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) സംസ്ഥാനത്തൊട്ടാകെ നടപ്പ് അധ്യയനവർഷം 3462 (25% സ്കൂളുകൾ) സ്കൂളുകളിലെ കുട്ടികൾക്ക് ലഭ്യമാകുന്ന ഈ പദ്ധതിയുടെ പ്രയോജനം ഘട്ടം ഘട്ടമായി എല്ലാ സ്കൂളുകളിലും വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ